(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) കരാറുകാരനുമായുള്ള ഇടപാടുകൾ ഇനിയും പൂർത്തിയാക്കാതെ അവശേഷിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇടപാടുകൾ പൂർത്തിയാക്കുവാനും ഫിഷറീസ് സ്കൂൾ കരാറുകാരനിൽ നിന്നും തിരിച്ച് വാങ്ങുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം പണി മുഴുവനായും പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി

97 [1783] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) താനൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly